3448181/2021 12/10/21 18.10.21

**കേരള സർക്കാർ**

നം.84/2021/ധന

ധനകാര്യ(ഫണ്ട്സ്) വകുപ്പ്
തീയതി:23.09.2021

## സർക്കുലർ

വിഷയം :- സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ/തദ്ദേശ സ്വയംഭരണ/ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ട്രഷറി ചെക്കുകൾ മുഖാന്തിരം സംഭാവന നൽകുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- സ.ഉ(അച്ചടി)നം. 127/2020/ധന തീയതി 28.09.2020

കോവിഡ് -19 വാക്സിനേഷൻ ചലഞ്ചിന്റെ ഭാഗമായി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സംഭാവന തുകകൾ ട്രഷറി ചെക്കുകളായി ലഭിച്ചിരുന്നു. സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ/തദ്ദേശ സ്വയംഭരണ/സ്വയംഭരണ സ്ഥാപനങ്ങളുടെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, ട്രഷറി പബ്ലിക് അക്കൗണ്ട്, ലോക്കൽ ഗവൺമെന്റ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, സ്പെഷ്യൽ സെക്യൂരിറ്റി പെൻഷൻ അക്കൗണ്ട് എന്നീ അക്കൗണ്ടുകളിലെ എല്ലാ പിൻവലിക്കലുകൾക്കും ചെക്കുകൾ ട്രഷറിയിൽ നേരിട്ട് സമർപ്പിക്കുന്നതിനോടൊപ്പം WAMS/BIMS ലൂടെ തയ്യാറാക്കുന്ന നടപടിക്രമവും, ബെനിഫിഷ്യറി ലിസ്റ്റും, ട്രഷറിയിലേയ്ക്ക് ഓൺലൈനായി സമർപ്പിച്ചാൽ മാത്രമേ ചെക്കുകൾ മാറി നൽകാവൂ എന്ന് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ സാഹചര്യത്തിൽ സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖലാ/തദ്ദേശസ്വയംഭരണ/സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ട്രഷറി ചെക്കുകൾ മുഖാന്തിരം സംഭാവന നൽകുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ/ തദ്ദേശ സ്വയംഭരണ/ സ്വയംഭരണ സ്ഥാപനങ്ങളിൽ സർക്കാർ പദ്ധതി/പദ്ധതിയേതര ഫണ്ട് നിക്ഷേപിക്കുന്നതിനായി ട്രഷറികളിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടുകളിലെ ട്രഷറി ചെക്കുകൾ മുഖേന മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകാൻ പാടുള്ളതല്ല
2. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ട്രഷറി ചെക്കുകൾ മുഖേന സംഭാവന നൽകുമ്പോൾ ആയത് 28/9/20 ലെ ജിഓ (പി) 127/20/ധന ഉത്തരവിലെ

നിർദ്ദേശങ്ങളനുസരിച്ച് WAMS മുഖാന്തിരം ഓൺലൈനായി സമർപ്പിക്കേണ്ടതും, ശേഷം ടി ചെക്കും, നടപടിക്രമവും, ബെനിഫിഷ്യറി ലിസ്റ്റും അക്കൗണ്ട് നിലനിൽക്കുന്ന ട്രഷറികളിൽ നേരിട്ട് സമർപ്പിച്ച് തുക തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി(കോവിഡ്-19) അക്കൗണ്ടിലേയ്ക്ക് (A/C No.799010100191475, A/C Name: Cmdrf Pandemic Relief Fund Covid 19, Thiruvananthapuram District Treasury) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുകയോ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന സ്വീകരിക്കുന്നതിനായി donation.cmdrf.kerala.gov.in പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ആർ.ടി.ജി.എസ് ചെയ്ത് നൽകുകയോ ചെയ്യേണ്ടതാണ്.

3. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്ത തുക, ചെക്ക് നമ്പർ, തീയതി, തുക നിക്ഷേപിച്ചിട്ടുള്ള ട്രഷറി/ബാങ്ക് അക്കൗണ്ട് എന്നീ വിവരങ്ങൾ ധനകാര്യ (ഫണ്ട്സ്) വകുപ്പിൽ ലഭ്യമാക്കി രസീത് ശേഖരിക്കാവുന്നതാണ്.

രാജേഷ് കുമാർ സിംഗ്
അഡീഷണൽ ചീഫ് സെക്രട്ടറി(ധനകാര്യം)

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി & എസ് എസ് എ) കേരള തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ എസ് എ ) കേരള തിരുവനന്തപുരം.
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവൻമാർക്കും.
എല്ലാ പൊതുമേഖലാ /അർദ്ധ സർക്കാർ/ സ്വയംഭരണ സ്ഥാപനങ്ങൾക്കും
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ(1758446/FUNDS3/10/2021-FIN)/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ.

**<u>മേലെഴുത്ത് കത്ത് നമ്പർ- ബി4-306989/2021/ഡി.ഐ.എം.എസ് തീയതി, 26.10.2021</u>**

സർക്കുലറിന്റെ പകർപ്പ് അറിവിലേയ്ക്കും തുടർ നടപടിയ്ക്കുമായി അയക്കുന്നു.

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്

(1) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്,
ദക്ഷിണ മേഖല, കൊല്ലം/മദ്ധ്യ മേഖല, എറണാകുളം/ഉത്തര മേഖല, കോഴിക്കോട്
(താങ്കളുടെ കീഴിലുള്ള സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്)

(2) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ /സീനിയർ ഫിനാൻസ് ഓഫീസർ /
ഡെപ്യൂട്ടി ഡയറക്ടർ (ആയുർവ്വേദം/ഹോമിയോ)/സീനിയർ സൂപ്രണ്ട്/
ജൂനിയർ സൂപ്രണ്ട്

(3) വെബ്സൈറ്റ്/സ്റ്റോക്ക് ഫയൽ/ഫയൽ

Skv -27.10.21